കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

നം: 62091/ഇഎം1/10/തസ്വഭവ തിരുവനന്തപുരം, തീയതി: 30/10/2010.

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനെത്തുടർന്ന് സ്വീകരിക്കേണ്ട നടപടികൾ സർക്കുലർ പുറപ്പെടുവിച്ചത് - ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്.

സൂചന:- 1) 8/10/2010 ലെ 62091/ഇഎം1/10/തസ്വഭവ നമ്പർ സർക്കുലർ.

2) 11/10/2010 —ലെ 62091/ഇഎം1/10/തസ്വഭവ നമ്പർ സർക്കുലർ.

3) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 29/10/10 ലെ 6598/ബി/07/സം.തി.ക നമ്പർ കത്ത്.

കോഴിക്കോട് ജില്ലയിലെ മുഴുവൻ നിയോജക മണ്ഡലങ്ങളിലേയും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ സത്യപ്രതിജ്ഞയുടെ സമയക്രമം സംബന്ധിച്ച് സൂചന (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ആയതുപ്രകാരം കോഴിക്കോട് ജില്ലയിലെ ത്രിതല പഞ്ചായത്തുകളിലേക്കും മുനിസിപ്പൽ കൗൺസിൽ/മുനിസിപ്പൽ കോർപ്പറേഷൻ എന്നിവിടങ്ങളിലേക്കും തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളുടെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ യഥാക്രമം 2010 നവംബർ 1-ാം തീയതി 4.00 PM-നും, 3.00 PM -നും നടത്തേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ സൂചന (2) -ലെ സർക്കുലർ പ്രകാരം നിശ്ചയിച്ചിരുന്ന സമയക്രമത്തിൽ മുനിസിപ്പൽ കൗൺസിൽ/ മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയുടെ സംഗതിയിൽ മാറ്റം വരുത്തണമെന്ന് സൂചന (3) പ്രകാരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷൻ ആവശ്യപ്പെട്ട പ്രകാരം കോഴിക്കോട് ജില്ലയിലെ മുനിസിപ്പൽ കോർപ്പറേഷനിലേക്കും/മുനിസിപ്പൽ കൗൺസിലുകളിലേക്കും തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളുടെ സത്യപ്രതിജ്ഞ 2010 നവംബർ 1-ാം തീയതി രാവിലെ 11.30 -ന് നടത്തേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു. കോഴിക്കോട് ജില്ലയിലെ ത്രിതല പഞ്ചായത്തുകളിൽ സത്യപ്രതിജ്ഞ/ ദൃഢപ്രതിജ്ഞ സൂചന (2) -ലെ സർക്കുലറിൽ നിർദ്ദേശിച്ചിരുന്ന പ്രകാരം 2010 നവംബർ 1-ാം തീയതി 4.00 PM -നുതന്നെ നടത്തേണ്ടതാണ്.

സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ സംബന്ധിച്ച് സൂചന (2) പ്രകാരം പുറപ്പെടുവിച്ച സർക്കുലർ മേൽപ്പറഞ്ഞ പ്രകാരം ഭേദഗതി ചെയ്തിട്ടുള്ളതായി കണക്കാക്കേണ്ടതാണ്.

ജി. അൽഫോൻസ,
അഡീഷണൽ സെക്രട്ടറി.

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം/കൊച്ചി/കോഴിക്കോട്.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
എല്ലാ മുനിസിപ്പൽ കൗൺസിൽ/മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും.
എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും.
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ്.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ